സൂക്ഷിക്കാനാവശ്യമായ സംവിധാനം ഉണ്ടാക്കണം. പേ വാർഡ് സൗകര്യം ഇല്ലാത്തതുക്കൊണ്ട് 20 മുറികളുള്ള ഒരു പേ വാർഡ് കെട്ടിടം കെ.എച്ച്.ആർ.ഡബ്ല്യു.എസ്.ന്റെ ആഭിമുഖ്യത്തിൽ നിർമ്മിക്കാൻ അനുവാദം നൽകണം. ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്ന ലബോറട്ടറി കെട്ടിടത്തിനു പകരം ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ലബോറട്ടറി കെട്ടിടം നിർമ്മിക്കണം. ഉണ്ടായിരുന്ന രണ്ട് ഹെഡ് നേഴ്സിന്റെയും, മൂന്ന് ഹോസ്പിറ്റൽ അറ്റന്റേഴ്സിന്റെയും തസ്തികകൾ വളരെക്കാലമായി ഒഴിഞ്ഞ് കിടക്കുകയാണ്. ആ തസ്തികയിലേക്ക് അടിയന്തിരമായി നിയമനം നടത്തണം. ഡോക്ടർമാർക്കും, സ്റ്റാഫിനും താമസിക്കാൻ ക്വാർട്ടേഴ്സ് ഇല്ല, അതുണ്ടാകണം. എല്ലാറ്റിനുമുപരി ബഹുമാനപ്പെട്ട മന്ത്രി തന്നെ ഈ ആശുപത്രി സന്ദർശിച്ച് പോരായ്മകൾക്ക് പരിഹാരം ഉണ്ടാക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, ബഹുമാനപ്പെട്ട വർക്കല മെമ്പറുടെ സബ്മിഷനിൽ പറഞ്ഞ പല കാര്യങ്ങളും യാഥാർത്ഥ്യമുള്ളതാണ്. വർക്കല സർക്കാർ ആശുപത്രിയിൽ 64 കിടക്കകൾ ഉണ്ട്. അതിനനുസൃതമായി തസ്തികകൾ നിലവിലുണ്ട് എങ്കിലും ധാരാളം രോഗികൾ പ്രവേശിക്കപ്പെടുന്നതുകൊണ്ട് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നാണ് ഗവൺമെന്റ് ആലോചിക്കുന്നത്. കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുവാനുള്ള നിർദ്ദേശം ലഭിച്ചു കഴിഞ്ഞാൽ അത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ലേഡി ഡോക്ടറുടെ ലഭ്യതയ്ക്കനുസരിച്ച് ഗൈനക്കോളിസ്റ്റിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പോസ്റ്റ്മോർട്ടം യൂണിറ്റുകൾ (പി.പി.യൂണിറ്റുകൾ) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ളതാണ്. പുതിയ നിയമനുസരിച്ച് പി.പി യൂണിറ്റുകൾ കേന്ദ്ര സർക്കാർ അനുവദിക്കുന്നില്ല. ഈ ആശുപത്രിയിലേക്ക് ഓപ്പറേഷൻ തീയേറ്റർ, എക്സ്റേ യൂണിറ്റ്, മോർച്ചറി, ശീതീകരണ സംവിധാനം, ലാബ് പ്രവർത്തനം എന്നീ വികസന പ്രവർത്തനങ്ങൾക്ക് വർക്കല മുനിസിപ്പാലിറ്റിയുമായി ചർച്ച ചെയ്ത് തീരുമാനം ഉണ്ടാക്കേണ്ടതാണ്. പേ വാർഡിന് കെ.എച്ച്.ആർ.ഡബ്ല്യു.എസ്. മായി കരാറുകൾ ഉണ്ടാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. ക്വാർട്ടേഴ്സ് നിർമ്മാണത്തിനുള്ള നിർദ്ദേശം ലഭിച്ചിട്ടില്ല. ലഭിക്കുന്നതിനനുസരിച്ച് ഗവൺമെന്റ് അനുമതി നൽകും. ഹെഡ് നേഴ്സ്, ഹോസ്പിറ്റൽ അറ്റൻഡർ എന്നീ വിഭാഗങ്ങളിലെ ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മന്ത്രി സന്ദർശിക്കണം എന്ന ഒരു ആഗ്രഹം അദ്ദേഹം സൂചിപ്പിച്ചു. എല്ലാ എം.എൽ. എ.മാരും മന്ത്രിയോട് ആശുപത്രി സന്ദർശിക്കണം എന്ന് അഭ്യർത്ഥിക്കുന്നുണ്ട്. നമുക്ക് കാലക്രമേണ വേണ്ട നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കാം എന്ന് ഉറപ്പു നൽകുന്നു.

(9) മണിയൂർ, പാലയാട് ആയഞ്ചേരി തുടങ്ങി ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം

ശ്രീ. എ. കണാരൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽ ആയഞ്ചേരി, തിരുവള്ളൂർ, മണിയൂർ, പാലയാട് വേളംപുറവേലി, കുറ്റ്യാടി പഞ്ചായത്തുകളിലെ 292,670 കുടുംബങ്ങൾക്കു കുടിവെള്ളം ലഭിക്കുന്ന പദ്ധതി തകർന്നുകൊണ്ടിരിക്കുന്ന സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. 5-8-1988-ന്

LIBRARY ARCHIVES Kerala Legislative Assembly

ഭരണാനുമതിയും 20-8-1988-ന് സാങ്കേതികാനുമതിയും ലഭിച്ചതും 104,900 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നതുമായ തിരുവള്ളൂർ, ആയഞ്ചേരി, കോട്ടപ്പള്ളി, മണിയൂർ, പാലിയാട് പദ്ധതിയിൽ എൽ.ഐ.സി.യുടെ സഹായത്തോടുകൂടി 26-8-92 ന് അംഗീകാരം നൽകിയതും പൈപ്പും ടാപ്പും മാത്രം സ്ഥാപിച്ചാൽ ഗുളികപ്പുഴ പദ്ധതിയിൽ നിന്ന് വെള്ളം ലഭിക്കുന്നതും 27,760 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നതുമായ പുറമേലി പദ്ധതി ഇതേ കാലയളവിൽ തന്നെ 22-4-1992-ൽ അംഗീകാരം നൽകിയതും, പൈപ്പും ടാപ്പും മാത്രം അനുവദിക്കേണ്ടതുമായ വേളം പഞ്ചായത്തിലെ കുടിവെള്ള പദ്ധതി, എൽ.ഐ.സി.യുടെ സഹായത്തോടെ ആറു കോടിയിലധികം രൂപ അനുവദിച്ച് അറുപതിനായിരം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുവാൻ കഴിയുന്ന കുറ്റ്യാടി, കുന്നുമേൽ പദ്ധതി എന്നീ പദ്ധതികളുടെയെല്ലാം സ്ഥിതി എട്ടു കൊല്ലം കഴിഞ്ഞിട്ടും പരിതാപകരമാണ്. പൈപ്പുകൾ പൊട്ടിയും, തകർന്നും നാഥനില്ലാതെ കിടക്കുകയാണ്. ഗൗരവതരമായ ഈ സ്ഥിതിവിശേഷം നിലനിൽക്കുമ്പോൾ ഉദ്യോഗസ്ഥൻമാർ കാണിക്കുന്ന നിരുത്തരവാദിത്വം അസഹനീയമാണ്. നിരവധി പ്രാവശ്യം കമ്മിഷൻ ചെയ്യാമെന്ന് അങ്ങ് നിയമ സഭയിൽ ഉറപ്പു നൽകിയിട്ടുള്ളതാണ്. മുൻമന്ത്രിമാരും നിരവധി ഉറപ്പുകൾ നൽകിയിട്ടുണ്ട്. ഇറിഗഷേൻ വകുപ്പുമന്ത്രിയായ അങ്ങുതന്നെ കമ്മിഷൻ ചെയ്ത പൈപ്പിൽ നിന്ന് കുടിവെള്ളം കിട്ടുന്നില്ല എന്നുള്ളത് പരിതാപകരമാണ്. വാട്ടർ അതോറിറ്റി എം.ഡി.യോട് നിജസ്ഥിതി വിശദമാക്കിയപ്പോൾ കോഴിക്കോട് ചീഫ് എഞ്ചിനീയറോട് റിപ്പോർട്ട് ചോദിക്കുകയും വടകര ചീഫ് എഞ്ചിനീയർ വന്നിട്ട് യോഗം വിളിച്ചുചേർക്കുകയും ചെയ്തതാണ്. സ്ഥിതിഗതികൾക്ക് യാതൊരു മാറ്റവും ഉണ്ടായില്ല. പൊട്ടിത്തകർന്ന പൈപ്പുകൾക്കു പകരം പൈപ്പുകളും ടാപ്പുകളും നൽകിയും പ്രത്യേക ഉദ്യോഗസ്ഥന് ചാർജ്ജ് കൊടുത്ത് പ്രവർത്തിപ്പിച്ചാൽ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കുടിവെള്ളം നൽകാൻ കഴിയുന്നതാണ്. അങ്ങ് മുൻകൈയെടുത്ത് നെടുമങ്ങാട് പ്രവർത്തിച്ചതുപോലെ പ്രവർത്തിക്കുന്നതിന് വാട്ടർ അതോറിറ്റി എം.ഡി.യെ വടകരയ്ക്ക് അയയ്ക്കണം. പ്രത്യേക ഉദ്യോഗസ്ഥന് ചുമതല കൊടുത്ത് പ്രവൃത്തി പൂർത്തികരിച്ച് കുടിവെള്ളം എത്തിക്കുന്നതിന് ആവശ്യമായ നിർദ്ദേശം ഇന്നുതന്നെ നൽകണം. സർ, 1984-ൽ വാട്ടർ അതോറിറ്റി ആക്ട് നിലവിൽ വന്നപ്പോൾ ഒരു കോടി രൂപയുടെ പൈപപ്പ് വാങ്ങാനുള്ള അധികാരമാണ് വാട്ടർ അതോറിറ്റിക്ക് നൽകിയത്. പതിനാറു വർഷം കഴിഞ്ഞിട്ടും വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾക്കനുസരിച്ച് ഈ അധികാരം വർദ്ധിപ്പിച്ചു നൽകിയിട്ടില്ല. ഇത് അഞ്ചു കോടിയായി വർദ്ധിപ്പിച്ചു നൽകണം. കഴിഞ്ഞ രണ്ടു വർഷമായി പി.വി.സി.പൈപ്പ് വാങ്ങുന്നതിന് ടെണ്ടർ നൽകിയെങ്കിലും വാങ്ങുന്നതിനുള്ള അനുമതി ഇത്രയും നാളായിട്ടും നൽകിയിട്ടില്ല. ഇത് നിരുത്തരവാദിത്വമാണ്. ഇത്തരം പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരമുണ്ടാക്കി ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ .വി. പി. രാമകൃഷ്ണ പിള്ള) : സർ, തിരുവള്ളൂർ, ആയഞ്ചേരി, മണിയൂർ, പുറമേലി, ഇടശ്ശേരി എന്നീ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ഒരു ബൃഹത്ത് പദ്ധതി അതിനെ ഗുളികപ്പുഴ പദ്ധതിയെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

അവിടെ പറയപ്പെടുന്നത്. അത് ഘട്ടങ്ങളായി പൂർത്തിയാക്കി കമ്മീഷൻ ചെയ്തു വരികയാണ്. തിരുവളളൂർ, ആയഞ്ചേരി പഞ്ചായത്തുകൾക്കു വേണ്ടിയുളള ഈ പദ്ധതി ഭാഗികമായി 24-5-1999-ൽ കമ്മീഷൻ ചെയ്തു. മേൽപ്പറഞ്ഞ പദ്ധതിയുടെ ഏകദേശം 90 ശതമാനം പണികൾ പൂർത്തിയാക്കുകയും തിരുവളളൂർ, ആയഞ്ചേരി, പുറമേലി, ഇടശ്ശേരി, മണിയൂർ എന്നീ പഞ്ചായത്തുകളിലാകെ 420 ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ നൂറ്റിനാൽപ്പത് ടാപ്പുകളിൽ കൂടി ഇപ്പോൾ ജലവിതരണം നടത്തുന്നുണ്ട്. കൂടുതൽ ടാപ്പുകളിൽ കൂടി ശുദ്ധ ജല വിതരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ആയഞ്ചേരി പഞ്ചായത്തിലെ കുഴിയടിപ്പാറ പമ്പ് ഹൗസിൽ വൈദ്യുതി കണക്ഷൻ ലഭിച്ചാൽ 18 ടാപ്പുകളിലൂടെ ശുദ്ധജല വിതരണം സാധ്യമാകുന്നതാണ്. പങ്ങാട്ടായിലെ കനാൽജോലിമൂലം മുടങ്ങിക്കിടന്നിരുന്ന പൈപ്പുലൈൻ ജോലി പൂർത്തിയാകുമ്പോൾ ആയഞ്ചേരി ടൗണിലെ ടാപ്പുകളിലേക്ക് ശുദ്ധജലം എത്തിക്കാൻ സാധിക്കുന്നതാണ്. പദ്ധതിയുടെ ഉയർന്ന പ്രദേശങ്ങളിൽ ശുദ്ധജലവിതരണം സാദ്ധ്യമാകുന്നില്ല. പംമ്പിങ്ങ് മെയിനിലെ ലീക്കുകളും എ.സി.ഗ്രാവിറ്റി മെയിനിലെ റബ്ബർ റിഗുകളുടെ തകരാറും എ.സി.പൈപ്പിൽ ഉണ്ടായിരുന്ന പൊട്ടലും കാരണമാണ് തുടർച്ചയായി ശുദ്ധജല വിതരണം നടത്താൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത്. വളരെ ബൃഹത്തായ ഈ പദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി ഇന്ന് നിലവിലുളള പൈപ്പുലൈനുകളുടെ സംവിധാനത്തിൽ ഭേദഗതി വരുത്താനും കൂടുതൽ മെച്ചപ്പെട്ട എസ്റ്റിമേറ്റുകൾ തയ്യാറാക്കാനും നിർദ്ദേശം നല്കിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ പഞ്ചായത്തുകളിലും ശുദ്ധജല വിതരണം കാര്യക്ഷമമാക്കാൻ പ്രസ്തുത നിർദ്ദേശങ്ങളിൽ കൂടി സാധിക്കും. ഇതിനുളള എസ്റ്റിമേറ്റ് മാർച്ച് മാസം പതിനഞ്ചാം തീയതിയോടെ തയ്യാറാക്കുന്നതാണ്. ആവശ്യമായ അനുമതി ലഭ്യമാക്കി ഒരു വർഷത്തിനുളളിൽ പദ്ധതിയുടെ പ്രയോജനം കൂടുതൽ പേർക്ക് എത്തിക്കാൻ വേണ്ട തീവ്രശ്രമം നടത്താനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ബന്ധപ്പെട്ട പഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്തി പദ്ധതിയുടെ പുരോഗതി മാസംതോറും വിലയിരുത്താനും നടപടി സ്വീകരിക്കുന്നുണ്ട്. വേളം പഞ്ചായത്തിലുളള ശുദ്ധജലവിതരണ പദ്ധതി 24-5-1999-ൽ കമ്മിഷൻ ചെയ്തു. വടകര ആഗ്മെന്റേഷൻ പദ്ധതിയിൽ നിന്നുമാണ് ഈ പദ്ധതിക്ക് ആവശ്യമായ ജലം എടുക്കുന്നത്. 101 ടാപ്പുകളിലൂടെ ഈ പഞ്ചായത്തിന് ഇപ്പോൾ തൃപ്തികരമായി ശുദ്ധജലവിതരണം നടത്തുന്നുണ്ട്. കൂടുതൽ പ്രദേശങ്ങളിലേക്ക് ഈ പദ്ധതി വ്യാപിപ്പിച്ച് കുടിവെളളക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികളും പരിഗണനയിലുണ്ട്.

(10) ഇ.എസ്.ഐ.പദ്ധതിയിൽ അംഗങ്ങളായിട്ടുളള തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, കേരളത്തിലെ മുഴുവൻ തൊഴിലാളികളെയും ബാധിക്കുന്ന ഇ.എസ്.ഐ.പദ്ധതിയെ സംബന്ധിച്ച് വളരെ ഗൗരവമായ പ്രശ്നമാണ് ബഹുമാനപ്പെട്ട മന്ത്രിയുടേയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽക്കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. സർ, ഇ.എസ്.ഐ. പദ്ധതിയുടെ

LIBRARY ARCHIVES Kerala Legislative Assembly